"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ ഒന്നാം തരം ഓവർസീയർ ആയ ശ്രീമതി ബീന എസ്എസ്.-ന് മെഡിക്കൽ റീഇംബഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യു.എ.) വകുപ്പ്

സ.ഉ.(സാധാ) നം.387/2022/LSGD തീയതി,തിരുവനന്തപുരം, 21-02-2022

പരാമർശം:-

1. 10.02.2017 ലെ സ.ഉ(പി.) 08/2017/ആ.കു.വ. നം.ഉത്തരവ്.
2. ശ്രീമതി ബീന എസ്എസ്. സമർപ്പിച്ച 20.03.2017 ലെ മെഡിക്കൽ റീഇംബഴ്സ്മെന്റ് അപേക്ഷ
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.05.2020ലെ ഇ17-8764/2017/സി.ഇ/തസ്വഭവ, 28.07.2021 ലെ ഇ14/7185/2020/സിഇ/തസ്വഭവ നമ്പർ കത്തുകൾ.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 31.01.2020 ലെ (എൽ.ഡിസ്. ) എം.ആർ1-37770/2019/ആ.വ.ഡ നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിലെ ഒന്നാം ഗ്രേഡ് ഓവർസിയർ ആയ ശ്രീമതി. ബീന. എസ്. എസ്.-ന്റെ വന്ധ്യതാ ചികിത്സയ്ക്ക് മലപ്പുറം എടപ്പാൾ ആശുപത്രിയിൽ 13.05.2016 മുതൽ 28.02.2017 വരെയുള്ള കാലയളവിൽ ചെലവായ `2,57,115/- രൂപ(രണ്ട് ലക്ഷത്തി അൻപത്തി ഏഴായിരത്തി നൂറ്റി പതിനഞ്ച് രൂപ മാത്രം) പ്രതിപ◌ൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം:3 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്

2.ശ്രീമതി ബീന എസ്എസ്.-ന്റെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക `2,49,084/- രൂപ(രണ്ട് ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി എൺപത്തി നാല് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിലെ ഒന്നാം ഗ്രേഡ് ഓവർസിയർ ആയ ശ്രീമതി. ബീന. എസ്. എസ്.-ന്റെ വന്ധ്യതാ ചികിത്സയ്ക്ക് മലപ്പുറം എടപ്പാൾ ആശുപത്രിയിൽ 13.05.2016 മുതൽ 28.02.2017 കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയായ `2,49,084/- രൂപ(രണ്ട് ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി എൺപത്തി നാല് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01–04–MR" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

4.മേൽ ചികിത്സയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അപേക്ഷകയുടെയും, ടിയാളുടെ ഭർത്താവ് സർക്കാർ ജീവനക്കാരനാണെങ്കിൽ ടിയാന്റേയും സേവന പുസ്തകങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.മേയോ ഭാസ്കർ

സ.ഉ.(സാധാ) നം.387/2022/LSGD

അണ്ടർ സെക്രട്ടറി

1. ശ്രീമതി ബീന എസ്.എസ്.,ഒന്നാം തരം ഓവർസീയർ

   *(തസ്ഥഭവ ചീഫ് എഞ്ചിനീയർ മുഖേന)*

2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

   (ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (03-02-2022ലെ 1566255/L3/309/2020-ധന.നമ്പർ കുറിപ്പ് പ്രകാരം)
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Sreekanth G**
**Date: 22-02-2022 10:04:05**

സെക്ഷൻ ഓഫീസർ